# കേരളസർവകലാശാല

നം.പി.ആർ.210/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### എം.ഫിൽ പ്രവേശനം – തീയതി നീട്ടി

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകൾ, യൂണിവേഴ്സിറ്റി കോളേജ്, സംസ്കൃത കോളേജ്, എൽ.എൻ.സി.പി.ഇ. എന്നിവിടങ്ങളിലേക്കുള്ള 2020–21 വർഷത്തെ എം.ഫിൽ പ്രവേശനത്തിന് അപേക്ഷിക്കാനുള്ള അവസാനതീയതി നവംബർ 2 വരെ നീട്ടിയിരിക്കുന്നു.

### പുനർമൂല്യനിർണ്ണയം, സൂക്ഷ്മപരിശോധന – തീയതി നീട്ടി

ഒക്ടോബർ 20 ന് പ്രസിദ്ധീകരിച്ച പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി./ബി.കോം. എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പത്താം സെമസ്റ്റർ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള തീയതി നവംബർ 10 വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### യു.ഐ.എം എം.ബി.എ. – സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMs) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്കുള്ള 2020-22 അദ്ധ്യയന വർഷത്തെ ഒഴിവുള്ള സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2020 നവംബർ 2,3 തീയതികളിൽ അടൂർ, ആലപ്പുഴ, കുണ്ടറ, പുനലൂർ എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. കെ-മാറ്റ് പോസിറ്റീവ് സ്കോർ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാവുന്നതാണ്.

### പിഎച്ച്.ഡി കോഴ്സ് വർക്ക് – പുതുക്കിയ ടൈംടേബിൾ

2020 ആഗസ്റ്റിൽ തുടങ്ങാൻ നിശ്ചയിച്ചിരുന്ന കേരളസർവകലാശാലയുടെ പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ (ജൂലൈ 2020 സെഷൻ), 2020 നവംബർ 16, 17, 18 തീയതികളിൽ നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### സൂക്ഷ്മപരിശോധന

2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി., 2019 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി., 2019 ഡിസംബറിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (EJ X) ഒക്ടോബർ 30, നവംബർ 2, 3 എന്നീ തീയതികളിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫീസ്

ബി.കോം. ആന്വൽ സ്കീം പാർട്ട് മൂന്ന് ഡിസംബർ 2020 സപ്ലിമെന്ററി പരീക്ഷയ്ക്ക് ഒക്ടോബർ 30 മുതൽ രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ നവംബർ 10 വരെയും, 150 രൂപ പിഴയോടെ നവംബർ 13 വരെയും 400 രൂപ പിഴയോടെ നവംബർ 17 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2020 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ.ഹിന്ദി (2018 അഡ്മിഷൻ/സപ്ലിമെന്ററി 2017 അഡ്മിഷൻ)പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂലൈയിൽ നടത്തിയ എം.കോം. 2018–2020 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## ഓൺലൈൻ പേയ്മെന്റ് – ഒക്ടോബർ 29 ന് താൽക്കാലികമായി പ്രവർത്തിക്കുന്നതല്ല

കേരളസർവകലാശാലയുടെ ഓൺലൈൻ പേയ്മെന്റ് സേവനം ബാങ്ക് സെർവർ ഡ്രിൽ നടത്തുന്നതു കാരണം ഒക്ടോബർ 29 ന് രാവിലെ 90 മിനിറ്റ് (6.30 മുതൽ 8 വരെ) ഉണ്ടായിരിക്കുന്നതല്ല.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
28.10.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098